തിരുവനന്തപുരം നഗരസഭയിലെ ജനകീയാസൂത്രണം സംബന്ധിച്ച ക്രമക്കേടുകൾ

93(3181) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ ജനകീയാസൂത്രണം സംബന്ധിച്ച് ആഡിറ്റ് നടത്തിയ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ കോർപ്പറേഷൻ ആഡിറ്റിങ്ങിൽനിന്ന് മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) ഇദ്ദേഹത്തെ ഏത് ആഫീസിലേക്കാണ് മാറ്റിയത്;

(സി) ഇദ്ദേഹത്തിന് പകരം ആ സ്ഥാനത്ത് ആരെയാണ് നിയമിച്ചിരിക്കുന്നത്; ഇദ്ദേഹം എവിടെയാണ് ജോലി ചെയ്തിരുന്നത്;

(ഡി) കോർപ്പറേഷൻ ആഡിറ്റിംഗിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോ; എങ്കിൽ ഇതനുസരിച്ച് കോർപ്പറേഷൻ സെക്രട്ടറിക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) തിരുവനന്തപുരം കോർപ്പറേഷൻ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറേയും ടൂറിസം വാരാഘോഷ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറേയും ഭരണ പരമായ സൗകര്യാർത്ഥം പരസ്പരം മാറ്റിയിട്ടുണ്ട്.

(സി) ടൂറിസം വീക്ക് സെലിബ്രേഷൻ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ.പി. സദാശിവൻ പിള്ളയെയാണ് കോർപ്പറേഷൻ ആഡിറ്റിലേക്ക് മാറ്റിയിട്ടുള്ളത്.

(ഡി) തിരുവനന്തപുരം നഗരസഭയിൽ കൺകറന്റ് ആഡിറ്റിനാണ് ലോക്കൽ ഫണ്ട് വിഭാഗത്തെ നിയോഗിച്ചിരിക്കുന്നത്. ആഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന ക്രമക്കേടുകൾ യഥാസമയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരം തേടുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം നഗരസഭ 1997-98-ലെ വർഷാന്ത്യ കണക്കുകൾ നൽകിയില്ലെന്ന കാരണത്താൽ സെക്രട്ടറിക്കെതിരേ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിന്റെ മേൽനടപടികൾ കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ചുറ്റുമതിൽ കെട്ടുന്നതിന് നൽകിയ അനുമതി

94(3182) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ മുടവൻമുഗൾ വാർഡിൽ സർവ്വേ നം: 936/2, 3, 4-ൽ 4.125 സെന്റ് വസ്തുവിന്റെ വഴിയോട് ചേർന്നുള്ള ഭാഗത്തെ ചുറ്റുമതിൽ കെട്ടുന്നതിന് ട്രിഡ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു ഉത്തരവ് പ്രകാരമാണ്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) വസ്തുവിൽ കെട്ടിടം നിർമ്മാണത്തിനായി സമർപ്പിച്ച സൈറ്റ് പ്ലാനും ചുറ്റുമതിൽ കെട്ടുന്നതിനായി സമർപ്പിച്ച സൈറ്റ് പ്ലാനും വ്യത്യസ്തമായിരുന്നുവോ; എങ്കിൽ ചുറ്റുമതിൽ കെട്ടുന്നതിന് കോർപ്പറേഷൻ അനുമതി നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുവഴി, എൻക്രോച്ച് ചെയ്യത്തക്ക രീതിയിലാണോ സൈറ്റ് പ്ലാനിംഗ് കോർപ്പറേഷൻ അനുമതി നൽകിയത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ പൊതുവഴി എൻക്രോച്ച് ചെയ്ത് മതിൽ കെട്ടി ഗതാഗത തടസ്സം ഉണ്ടാക്കിയതായി സമീപവാസികൾ നൽകിയ പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നാളിതുവരെയായി പ്രസ്തുത മതിൽ പൊളിച്ച് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഇതിന് എന്താണ് തടസ്സമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) ഈ മതിൽ എന്നത്തേയ്ക്ക് പൊളിച്ചുമാറ്റി ഗതാഗതം സുഗമമാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബിപി2/5697/96 തീയതി : 12.9.96 പ്രകാരം. കോപ്പി ഹാജരാക്കുന്നു.†

(ബി) ട്രിഡ അംഗീകാരം നൽകി അയച്ച പ്ലാൻ പ്രകാരം തന്നെയാണ് കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളത്.

(സി) മതിൽ കെട്ടുന്നതിന് അനുമതി നൽകിയത് നിയമപ്രകാരമാണ്. എന്നാൽ മതിൽ നിർമ്മിച്ചപ്പോൾ ഒരു പോയിന്റിൽ വഴിയുടെ വീതിയിൽ 20. സെ.മീ. കുറവു വന്നു.

(ഡി) കോർപ്പറേഷൻ ടി മതിൽ പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ടി മതിൽ പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പ്രത്യേക തടസ്സം ഒന്നും ഇല്ല. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ജി) മതിൽ ഉടൻ പൊളിച്ചു മാറ്റി നടപടി പൂർത്തിയാക്കുന്നതാണ്.

ബങ്ക് കച്ചവടക്കാരെ പുനഃരധിവസിപ്പിക്കാൻ നടപടി

95 (3183) ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബങ്ക് കച്ചവടക്കാരെ പുനഃരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിൽ നിർമ്മിച്ചിട്ടുള്ള 32 കടകൾ അലോട്ട് ചെയ്യാനുള്ള പ്രയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ടി ശ്രീ. എസ്.എ. മാഹീൻ എന്ന ബങ്ക് ഉടമ ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly